പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ. T 5188

27.07.2015-ൽ മറുപടിക്ക്

കല്ല്യാശ്ശേരി സിവിൽ സർവ്വീസ് അക്കാദമി ഉപകേന്ദ്രം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി. വി. രാജേഷ് : | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ കല്ല്യാശ്ശേരിയിലെ സെന്റർ ഫോർ എക്സലൻസ് എന്ന സ്ഥാപനത്തിന്റെ സൌകര്യങ്ങൾ ഉപയോഗപ്പെടുത്തി കേരള സിവിൽ സർവ്വീസ് അക്കാദമിയുടെ ഉപകേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (എ) കല്ല്യാശ്ശേരിയിൽ സിവിൽ സർവ്വീസ് അക്കാദമിയുടെ ഉപകേന്ദ്രം തുടങ്ങുന്നതിനുള്ള അടിസ്ഥാന സൌകര്യങ്ങൾ സ്ഥലം എം.എൽ.എ. ഏർപ്പെടുത്താൻ തയ്യാറായാൽ, ചെങ്ങന്നൂർ, മൂവാറ്റുപുഴ, കോന്നി എന്നീ സ്ഥലങ്ങളിൽ ഉപകേന്ദ്രം ആരംഭിച്ച ശേഷം കല്ല്യാശ്ശേരിയിൽ ഉപകേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് സർക്കാർ നേരത്തേ വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ ചെങ്ങന്നൂർ, കോന്നി എന്നിവിടങ്ങളിൽ താൽക്കാലിക സൌകര്യമൊരുക്കി അക്കാദമിയുടെ പ്രവർത്തനം ആരംഭിച്ചുവെങ്കിലും മൂവാറ്റുപുഴയിൽ സിവിൽ സർവ്വീസ് അക്കാദമിയുടെ ഉപകേന്ദ്രത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. മൂവാറ്റുപുഴയിൽ ഉപകേന്ദ്രം ആരംഭിക്കുന്നതിനായി കെട്ടിട നിർമ്മാണം പൂർത്തിയായി വരുന്നു. മൂവാറ്റുപുഴയിൽ ഉപകേന്ദ്രത്തിന്റെ |

| | |
|---|---|
| | പ്രവർത്തനം ആരംഭിച്ച ശേഷം കല്ല്യാശ്ശേരിയിൽ ഉപകേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) ഇപ്പോൾ സംസ്ഥാനത്ത് എവിടെയെല്ലാമാണ് സിവിൽ സർവ്വീസ് അക്കാദമിയുടെ ഉപകേന്ദ്രം നിലവിലുള്ളത്? | (ബി) കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിക്ക് തിരുവനന്തപുരം കേന്ദ്രത്തിന് പുറമേ പാലക്കാട്, കോഴിക്കോട്, ചെങ്ങന്നൂർ, കോന്നി എന്നിവിടങ്ങളിൽ നിലവിൽ ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ ന്യൂനപക്ഷ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിയ്ക്കായി പൊന്നാനിയിൽ ആരംഭിച്ചിട്ടുള്ള "ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച്" ലും സിവിൽ സർവ്വീസ് പരിശീലന കോഴ്സുകൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ